## പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സാമൂഹ്യക്ഷേമ സൂചികകൾ

14(623) ശ്രീ. ആർ. രാജേഷ് :
ശ്രീ. പി. വി. അൻവർ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സാമൂഹ്യക്ഷേമ സൂചികകൾ വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഉയർന്ന നിലവാരം പുലർത്തുന്നുണ്ടെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ പൊതു സാമൂഹ്യക്ഷേമ സൂചികകൾക്കൊപ്പം പ്രസ്തുത വിഭാഗത്തെ എത്തിക്കുന്നതിനായി 2018-19-ലെ ബഡ്ജറ്റിൽ പ്രത്യേക തുക നീക്കിവെച്ചിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹ്യക്ഷേമ സൂചികകൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ സൂചികകൾ പ്രകാരം മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഉയർന്ന നിലവാരം പുലർത്തുന്നുണ്ട്.

(ബി) പട്ടികജാതിക്കാരുടെ സാമൂഹ്യക്ഷേമത്തിനായി 2018-19-ലെ സംസ്ഥാന ബഡ്ജറ്റിൽ വകുപ്പ് മുഖേന നടപ്പിലാക്കുന്ന സംസ്ഥാന പദ്ധതികൾക്കായി 1570.36 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് Special Central Assistance to Scheduled Caste Sub Plan ഉൾപ്പെടെ 314.48 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കുന്ന പദ്ധതികൾക്ക് 1,289.26 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി 2018-19 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ വിവരം അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു.* രണ്ട് മേഖലയിലും ജനസംഖ്യാനുപാതികമായി ലഭിക്കേണ്ടതിനേക്കാൾ ഉയർന്ന വിഹിതമാണ് അനുവദിച്ചത്.

(സി) കേരളത്തിലെ പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യക്ഷേമ സൂചികകൾ ഉൾപ്പെടെയുള്ള സമഗ്രമായ വിവര ശേഖരണത്തിനായി ഒരു സാമൂഹ്യ സാമ്പത്തിക സർവ്വേ നടത്തുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly